Page 1 of 1

ഗവൺമെൻറ് എടുക്കുന്നത് 3,75,000 രൂപയ്ക്കയാണ്. ആ നിലയ്ക്ക് 1,25,000 രൂപയ്ക്ക് തരാം എന്നു പറയുമ്പോൾ ഗവൺമെൻറിന് വാങ്ങിച്ചുകൂടെ ?

ശ്രീ. പി. പി. ജോർജ്ജ് : ഇതിന്റെ പഴക്കം കണക്കാക്കണ്ടേ ? പത്ത് പന്ത്രണ്ട് കൊല്ലം കഴിഞ്ഞാൽ ഇത് എങ്ങനെ ഉപയോഗിക്കാൻ കഴിയും ? അഞ്ചുകൊല്ലം കഴിഞ്ഞാൽ മോട്ടോർ പമ്പ് സെററിന്റെ എഫിഷ്യൻസി കുറയും എന്നാണ് കൃഷിക്കാർ പറയുന്നത്. അത് സത്യമല്ലേ ? ഗവൺമെൻറ് ഒരു ബുദ്ധിമുട്ടുമില്ലാതെ ഇക്കാര്യം പരിശോധിക്കും.

# IV ക്രമപ്രശ്നം

## മോഹനചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കണമെന്ന ആവശ്യം

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഇന്നലെ റൂൾ 295 പ്രകാരം ബഹുമാനപ്പെട്ട മുസ്തഫ വായിച്ച റിപ്പോർട്ട് സഭയിൽ വയ്ക്കുക ഉണ്ടായി. അദ്ദേഹം വായിച്ചത് അദ്ദേഹത്തിന്റെ കുറിപ്പിൽ നിന്നാണ്, മലയാള ഭാഷയിലാണ്. പക്ഷേ അദ്ദേഹം തർജ്ജിമ ചെയ്ത് വായിച്ചത് ശ്രീ. മോഹനചന്ദ്രന്റെ ഇംഗ്ലീഷിലുള്ള റിപ്പോർട്ടിൽ നിന്നാണ്. അങ്ങനെ അദ്ദേഹം വായിക്കുമ്പോൾ ആ റിപ്പോർട്ട് മുഴുവനും ഇവിടെ വയ്ക്കണം. ആ റിപ്പോർട്ട് പ്രശക്തമാണ്. ആ റിപ്പോർട്ടിനുപരിയായി വല്ലതും ചെയ്യേണ്ടതുണ്ടോ എന്ന് ഈ സഭയ്ക്ക് തീരുമാനിക്കാനുള്ള അധികാരമുണ്ട്. ഇവിടെത്തന്നെ പറയുകയുണ്ടായി ഈ റിപ്പോർട്ടുകൊണ്ട് യാതൊരു ഉപയോഗവുമില്ല, ഒരു ജുഡീഷ്യൽ എൻക്വയറി വയ്ക്കേണ്ടതായിരുന്നു, അത്ര പ്രാധാന്യമുള്ള കാര്യമായിരുന്നു എന്നെല്ലാം. അതുകൊണ്ട് ഈ റിപ്പോർട്ട് മുഴുവൻ സഭയിൽ വയ്ക്കണം. സഭയ്ക്ക് എന്താണ് ഭാവിയിൽ ചെയ്യേണ്ടതെന്ന് ആലോചിക്കാനുള്ള അവസരം കിട്ടാനും ഒരു സന്ദർഭം ഉണ്ടാകണമെന്ന് ഞാൻ പറയുകയാണ്.

# V റൂളിംഗ്

മി. സ്പീക്കർ : ഏതെങ്കിലും മന്ത്രിയോ മെമ്പറോ ഏതെങ്കിലും ഒരു പേപ്പർ കോട്ട് ചെയ്താൽ മേശപ്പുറത്ത് വയ്ക്കാൻ ആവശ്യപ്പെടാം. അതനുസരിച്ചാണ് അങ്ങ് എഴുതിക്കൊടുത്തത്. പക്ഷെ മന്ത്രി ഇന്നലെ മറുപടി പറഞ്ഞപ്പോൾ പറഞ്ഞു അദ്ദേഹം പ്രസംഗത്തിന്റെ ആവശ്യത്തിനുവേണ്ടി അവരുടെ ഓഫീസിൽ തയ്യാറാക്കിയ ഒരു നോട്ടിൽ നിന്നാണ് റഫർ ചെയ്തത് എന്ന്. ആ നോട്ട് മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. റിപ്പോർട്ട് ഇംഗ്ലീഷിലാണ്. അദ്ദേഹം മറുപടി പറഞ്ഞത് മലയാളത്തിലാണ്. അതിൽനിന്ന് മനസ്സിലാക്കാം അദ്ദേഹം മലയാളത്തിലുള്ള നോട്ടാണ് തയ്യാറാക്കിയത് എന്ന്, ആ നോട്ട് ഇന്നലെ ലേ ചെയ്യുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly